DESPATCHED
On 13/10/21

7/10/21



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1025(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7558/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഒക്ടോബർ 7**

ശ്രീ. വി. ചന്ദ്രമോഹൻ നായർ,
റ്റി.സി.10/1135, ദേവിക,
ബനഡിക്ട് നഗർ, നാലാഞ്ചിറ പി.ഒ.,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി പോലീസ് കമ്മീഷണർ(അഡ്മി. & ക്രൈം)
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
തിരുവനന്തപുരം സിറ്റി.

2. അപ്പീൽ അധികാരി &
ഐ.ജി. & പോലീസ് കമ്മീഷണർ,
സിറ്റി പോലീസ് ഓഫീസ്,
തിരുവനന്തപുരം സിറ്റി. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19/04/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01/06/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07/07/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 14/07/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 16/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/09/2021 |
| **ഹിയറിംഗ് നടന്ന തീയതി** | **05/10/2021 - വീഡിയോ ഹിയറിംഗ്** |
| **ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ** | **ഹാജരായി** |
| **എസ്.പി.ഐ.ഒ.** | **ഹാജരായി** |

## ഉത്തരവ്

ശ്രീ. വി.ചന്ദ്രമോഹൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 3.3.2020-ന് സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തിയത് സംബന്ധിച്ച

എല്ലാ രേഖകളുടെയും പകർപ്പുകൾ ആവശ്യപ്പെട്ട് വിവരാവകാശ നിയമപ്രകാരം 19.4.2021 തീയതി അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ തീർപ്പ് കൽപ്പിച്ച് 7.7.2021–ന് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഹർജിക്കാരന്റെ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ടുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കാൻ ഉത്തരവുണ്ടാകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 19.4.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 3.3.2020–ന് സിറ്റി പോലീസ് കമ്മീഷണർക്ക് നേരിട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതു സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 6.5.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടത് എതിർകക്ഷി കാര്യാലയത്തിലെ ജി9–19797/2020/ടി.സി. നമ്പർ പരാതി സംബന്ധിച്ച രേഖകളുടെ പകർപ്പാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും ടി രേഖകൾ പരിശോധിച്ചതിൽ ആയതിൽ പരാതികക്ഷികളുടെയും എതിർകക്ഷികളുടെയും ഉൾപ്പെടെയുള്ള മൊഴികളും ടി മൊഴികൾ അടിസ്ഥാനമാക്കിയ അന്വേഷണ റിപ്പോർട്ടും ഉള്ളടക്കം ചെയ്തിട്ടുള്ളതാണെന്നും ടി മൊഴികൾ നിയമം നടപ്പാക്കുന്നതിന് രഹസ്യമായി സഹായം നൽകിയിട്ടുള്ളതും വെളിപ്പെടുത്തൽ വ്യക്തികളുടെ ജീവനും ശാരീരിക സുരക്ഷിതത്വത്തിനും അപകടകരമായി തീരാവുന്നതുമാകയാൽ 8(1)(ജി) വകുപ്പു പ്രകാരം ആയതിന്റെയും അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ലെന്നും എന്നാൽ പ്രസ്തുത പരാതി സംബന്ധിച്ച് എതിർകക്ഷി ഓഫീസുമായി ബന്ധപ്പെട്ട ഹർജിക്കാരന്റെ മൊഴിപ്പകർപ്പും പരാതിയുടെ പകർപ്പും ഉൾപ്പെടെയുള്ള മറ്റ് രേഖകൾ വിവരാവകാശ നിയമപ്രകാരം അനുവദിക്കുന്നതിന് രേഖകളുടെ പകർപ്പ് ഫീസ് ഒടുക്കി രസീത് ഹാജരാക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ്.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ വിവരാവകാശ നിയമപ്രകാരം ഹർജിക്കാരന് ലഭിക്കാൻ നിയമപരമായി അർഹതയുള്ള രേഖകൾ നിഷേധിക്കുകയാണ് എസ്.പി.ഐ.ഒ. ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാൻ 3.3.2020–ലെ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെയും അതു സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പുകൾ അനുവദിച്ചു നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവെച്ചുകൊണ്ട് 7.7.2021 തീയതി രണ്ടാം എതിർകക്ഷി തീർപ്പാക്കിയതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി 25.9.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് സമർപ്പിച്ച ജി9-19797/2020/ടി.സി. നമ്പർ പരാതിയിന്മേൽ അന്വേഷണം നടത്തിയത് സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പ് ലഭ്യമാക്കണമെന്നതായിരുന്നു എന്നും ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ടി പരാതി നർക്കോട്ടിക് സെൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ മുഖാന്തിരം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും ടി രേഖകളിൽ പരാതികക്ഷികളുടെയും എതിർകക്ഷികളുടെയും, പോലീസ് ഉദ്യോഗസ്ഥരുടെയും മൊഴികൾ അടങ്ങിയിരുന്നു എന്നും ടി മൊഴികൾ നിയമം നടപ്പാക്കുന്നതിനായി രഹസ്യമായി സഹായം നൽകിയിട്ടുള്ളതും അതിന്റെ വെളിപ്പെടുത്തൽ ടി വ്യക്തികളുടെ ജീവനും ശാരീരിക സുരക്ഷിതത്വത്തിനും അപകടകരമായി തീരാവുന്നതും ആകയാൽ വിവരാവകാശ നിയമം സെക്ഷൻ 8(1)(ജി) പ്രകാരം വെളിപ്പെടുത്തിയിരുന്നില്ല എന്നും ഇതേ മൊഴികൾ അടിസ്ഥാനപ്പെടുത്തിയാണ് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നതിനാലും ടി മൊഴികൾ അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നതും പ്രസ്തുത വിവരം വെളിപ്പെടുത്തുന്നത് അപകടകരമായി തീരാവുന്നതുമാകയാൽ സെക്ഷൻ 8(1)(ജി) പ്രകാരം ടി റിപ്പോർട്ടും വെളിപ്പെടുത്താൻ സാധിക്കുമായിരുന്നില്ല എന്നും മേൽ പരാമർശിച്ച രേഖകൾ ഒഴികെയുള്ള അപേക്ഷകന്റെ മൊഴി പകർപ്പ് അടക്കമുള്ള രേഖകൾ അപേക്ഷകന് അനുവദിക്കുന്നതിന് ഫീസ് അടക്കുവാൻ അപേക്ഷകനോട് ആവശ്യപ്പെട്ടിരുന്നതാണെന്നും എന്നാൽ ടിയാൻ തുക ഒടുക്കി രേഖകൾ കൈപ്പറ്റിയിട്ടില്ലാത്തതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി 16.9.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 20.4.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 6.5.2021 തീയതി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ അപേക്ഷയിൽ ആശ്യപ്പെട്ടിരുന്നത് ടി കാര്യാലയത്തിലെ ജി9-19797/2020/ടി.സി. നമ്പർ പരാതി സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പ് ലഭ്യമാക്കണമെന്നായിരുന്നു എന്നും പ്രസ്തുത രേഖകളിൽ ഉൾപ്പെട്ടിട്ടുള്ള പരാതിക്കാരന്റെയും എതിർകക്ഷികളുടെയും സാക്ഷികളുടെയും മൊഴികളുടെ അടിസ്ഥാനത്തിലാണ് പരാതിയുടെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിരുന്നതെന്നും അവ വസ്തുതകളുടെ യാഥാർത്ഥ്യം കണ്ടെത്തി നിയമം നടപ്പാക്കുന്നതിന് ഉത്തമ വിശ്വാസത്തിൽ രഹസ്യ സഹായമായി പോലീസിന് നൽകിയിട്ടുള്ളവയാണെന്നും അവയുടെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട വ്യക്തികളുടെ ജീവനും ശാരീരിക സുരക്ഷയും ദോഷകരമായി ബാധിക്കുന്നതാണെന്നും

അറിവായതിനാൽ എസ്.പി.ഐ.ഒ. സെക്ഷൻ 8(1)(ജി) പ്രകാരം മൊഴികളും റിപ്പോർട്ടും വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ലെന്നു ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും മേൽപ്പടി രേഖകൾ ഒഴികെയുള്ള അപേക്ഷകന്റെ മൊഴിപ്പകർപ്പും പരാതി പകർപ്പും ഉൾപ്പെടെയുള്ള പരാതിയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ അനുവദിച്ചിരുന്നു എന്നും ആയതിനു 22/- രൂപ ഫീസ് ഒടുക്കുവാൻ അപേക്ഷകന് നിർദ്ദേശം നൽകിയിട്ടും ടി രേഖകൾ അപേക്ഷകൻ ഇതുവരെയും കൈപ്പറ്റിയിട്ടില്ലാത്തതാണെന്നുമാണ്. ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ 8.6.2021 തീയതി രണ്ടാം എതിർകക്ഷി കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതാണെന്നും വിവരാവകാശ നിയമം സെക്ഷൻ 8(1)(ജി) പ്രകാരം എസ്.പിഐ.ഒ. കൈക്കൊണ്ട നടപടികൾ നിയമാനുസൃതമാണെന്ന് കണ്ടെത്തി തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി അപ്പീൽ തീർപ്പാക്കി 7.7.2021 തീയതി അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വാദിയായി സമർപ്പിച്ച പരാതിയിന്മേൽ നടത്തിയ അന്വേഷണ റിപ്പോർട്ടും രേഖകളും ലഭിക്കണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം എന്ന് കാണുന്നു. ആയത് നൽകുന്നത് ഈ അന്വേഷണവുമായി ബന്ധപ്പെട്ട് മൊഴി നൽകിയിട്ടുള്ളവരുടെ ജീവനും ശാരീരിക സുരക്ഷിതത്വത്തിനും യാതൊരു കാരണവശാലും അപകടകരമായി തീരില്ലെന്നും സ്വാഭാവിക നീതിയുടെ ഭാഗമായി ടി രേഖകൾ ഹർജിക്കാരന് ലഭിക്കേണ്ടതാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ടിയാന്റെ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടെയും പകർപ്പ് (ഏതെങ്കിലും സാക്ഷിയുടെ മൊഴിഭാഗം നൽകുന്നതുമൂലം ടിയാന്റെ ജീവനും ശാരീരിക സുരക്ഷിതത്വത്തിനും അപകടകരമാകുമെന്ന് പൂർണ്ണമായ ബോധ്യമുണ്ടെങ്കിൽ ആയത് മാത്രം മറച്ച് വച്ചുകൊണ്ട് ബാക്കി ഭാഗം) ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഈടാക്കി ഹർജിക്കാരന് നൽകണമെന്ന് നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഒക്ടോബർ 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us